(സി) ഈ പദ്ധതികൾ അനുസരിച്ച് ജലവിതരണം പുനഃരാരംഭിക്കാത്തതിന് ആവശ്യമായ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷൻ മിനി വാട്ടർ സപ്ലൈ സ്കീം പ്രകാരം, മൊത്തം 23 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ നാലെണ്ണം പ്രവൃത്തി പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(ബി) പ്രവൃത്തി പൂർത്തിയായവയിൽ ഒന്നും ജലവിതരണം മുടങ്ങിയിട്ടില്ല.

(സി)-(ഡി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിര പ്രമേയ നോട്ടീസ്

[9.30 AM] മി. സ്പീക്കർ : ഓർഡർ, ഓർഡർ..... റൂൾ 50 അനുസരിച്ചുള്ള ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. ബാലരാമപുരത്തിനടുത്ത് കടച്ചൽക്കുഴി എന്ന സ്ഥലത്ത് ഗുരുദേവമന്ദിരത്തിനു നേരെയുണ്ടായ അക്രമണത്തെ സംബന്ധിച്ചുള്ളതാണ്. അത് അടിയന്തിരപ്രമേയമായിട്ട് വേണ്ട. ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിക്കാം.....(ബഹളം)..... അടിയന്തിരപ്രമേയമായിട്ടു വേണ്ട.....(ബഹളം)..... അതിന്റെ ആവശ്യമില്ല.....

(ഈ വിഷയം അടിയന്തിരപ്രമേയമായി ഉന്നയിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ എണീറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. ആര്യാടൻ മുഹമ്മദ് : അടിയന്തിരപ്രമേയമായി ഉന്നയിക്കണം..... (ബഹളം).....

ശ്രീ. ജി. കാർത്തികേയൻ : അടിയന്തിരപ്രമേയമായി അനുവദിക്കണം.....(ബഹളം).....

മി. സ്പീക്കർ : ഒരു പ്രധാന പ്രശ്നമായി ഉന്നയിക്കാം. അടിയന്തിരപ്രമേയം അനുവദിക്കുന്നതിൽ യാതൊരു റിസർവേഷനും വയ്ക്കുന്ന ആളല്ല ചെയർ എന്ന് മനസ്സിലാക്കണം.....(ബഹളം).....അടിയന്തിരപ്രമേയം വളരെ ലിബറലായിട്ടു തന്നെ അനുവദിക്കുകയാണ്. ഇതൊരു അടിയന്തിരപ്രമേയത്തിനുള്ള കാര്യമല്ല. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി ഇവിടെ ഉന്നയിക്കാം..... (ബഹളം)..... ഇതെല്ലാം ചെയർ അനുവദിക്കുകയാണ്.....(ബഹളം)..... ആവശ്യമില്ലാതെ ഒച്ചപ്പാടുണ്ടാക്കരുത്.....(ബഹളം).....ശ്രീമതി ശോഭനാ ജോർജ്.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : അടിയന്തിരപ്രമേയമായി ഉന്നയിക്കുന്നതിന് അനുവദിക്കണം.

മി. സ്പീക്കർ : അതിന്റെ കാര്യമില്ല. ആവശ്യമില്ലാതെ , ഒച്ചപ്പാടുണ്ടാക്കേണ്ട കാര്യമില്ല. ഇതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇതൊരു അടിയന്തിരപ്രമേയമാക്കണമോ എന്നുള്ള കാര്യത്തിൽ നിങ്ങൾക്കുതന്നെ സംശയമാണ്.....(ബഹളം).....ചെയറിന്റെ റൂളിംഗിനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ധിക്കരിക്കുന്നത്. ചെയറിന്റെ റൂളിംഗിനെ ധിക്കരിക്കുന്നത് ശരിയല്ല.....(ബഹളം).....

ശ്രീ. ജി. കാർത്തികേയൻ : ധിക്കരിച്ചതല്ല.....(ബഹളം)...

മി. സ്പീക്കർ : ചെയറിന്റെ റൂളിംഗിനെ ഇങ്ങനെ ധിക്കരിക്കുന്നത് ശരിയല്ല.....(ബഹളം).....ചെയർ വീണ്ടും ആവർത്തിക്കുന്നു. ചെയറിന്റെ റൂളിംഗിനെ ധിക്കരിക്കുന്നത് ശരിയല്ല...

ശ്രീ. ജി. കാർത്തികേയൻ : റൂളിംഗിനെ ധിക്കരിക്കുകയല്ല.

മി.സ്പീക്കർ : ധിക്കരിക്കുകയാണ്. ധിക്കരിക്കുകയില്ലെങ്കിൽ പിന്നെ ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ ഉന്നയിക്കാൻ അനുവദിച്ചില്ലേ? പ്രധാനപ്പെട്ട ഒരു പ്രശ്നമായി ഉന്നയിക്കാമെന്ന് പറഞ്ഞല്ലോ? അടിയന്തിരപ്രമേയമായിട്ട് പറ്റുകയില്ല.....ശ്രദ്ധക്ഷണിക്കൽ.....ശ്രീ.എം.വി. ജയരാജൻ...

ശ്രീ. എം.വി. ജയരാജൻ : സർ, കേന്ദ്രം കേരളത്തോട് കാട്ടുന്ന അവഗണനമൂലം.....(ബഹളം)...

മി. സ്പീക്കർ : നിങ്ങൾക്ക് ഉന്നയിക്കാമല്ലോ? പ്രതിഷേധിക്കാമല്ലോ?

ശ്രീ. ജി. കാർത്തികേയൻ : ഇത് സഭയുടെ അവകാശമാണ്..... (ബഹളം).....

മി. സ്പീക്കർ : അടിയന്തിരപ്രമേയത്തിന്റെ പരിധിയിൽ വരികയില്ല.. (ബഹളം).....ശ്രീ. എം.വി. ജയരാജൻ.....

ശ്രീ. എം.വി. ജയരാജൻ : സർ, കേന്ദ്രം കേരളത്തോടു കാണിക്കുന്ന അവഗണനമൂലം സംസ്ഥാനം നേരിടുന്ന.....(ബഹളം)...

ശ്രീ. ആര്യാടൻ മുഹമ്മദ് : അടിയന്തിരപ്രമേയമായി ഉന്നയിക്കാൻ.....അനുവദിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ്, ഞാനൊരു കാര്യം പറയട്ടെ, ഇതു ശരിയായ രീതിയല്ല. ഞാൻ വീണ്ടും ആവർത്തിക്കുകയാണ്, ഇതിവിടെ ഉന്നയിക്കാമെന്നുപറഞ്ഞു, നിങ്ങൾക്കു ഇതിൽ പ്രതിഷേധിക്കാമല്ലോ?

ശ്രീ. എം.വി. ജയരാജൻ : സർ, അവർ ക്യാമറാക്കാരെ പുറത്തു നിർത്തിയിട്ട് വന്നതാണ്. ഇറങ്ങിപ്പോകാൻവേണ്ടി വന്നതാണ്. ദൂരദർശൻ ക്യാമറക്കാർ അവിടെ കാത്തിരിക്കുകയാണ്. അതിനുവേണ്ടിയാണ്..... (ബഹളം).....

മി. സ്പീക്കർ : എന്തിനാണ് ബഹളം വയ്ക്കുന്നത്? വേറൊരു ബിസിനസ്സിലേയ്ക്കു കടന്നില്ലേ?.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് പറ്റില്ല.....(ബഹളം).....

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നിലപാട് ഒരിക്കലും ശരിയല്ല. ഇത് ന്യായീകരിക്കാൻ കഴിയുന്നതല്ല.....

ശ്രീ. ആര്യാടൻ മുഹമ്മദ് : മൈക്ക് അനുവദിക്കണം.

മി. സ്പീക്കർ : സമ്മർദ്ദവും ഭീഷണിയുമൊന്നും വേണ്ട.....(ബഹളം).....

ശ്രീ. ജി. കാർത്തികേയൻ : അങ്ങനെയല്ല. ഇതു ഞങ്ങളുടെ അവകാശമാണ്.....(ബഹളം).....

മി. സ്പീക്കർ : അതിനു സമ്മർദ്ദവും ഭീഷണിയും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : മൈക്ക് കൊടുത്തിട്ടില്ല.

മി. സ്പീക്കർ : അതിനു പ്രത്യേക സമ്മർദ്ദം വേണ്ട. അദ്ദേഹം ചോദിക്കുംപോൾ മൈക്ക് കൊടുക്കും. മൈക്ക് കൊടുക്കാൻ ചെയറിന് അറിയാം.....(ബഹളം).....ശ്രീ. ജി. കാർത്തികേയൻ.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇവിടെ.....(ബഹളം)..... ചെയറിന്റെ റൂളിംഗിനെ ധിക്കരിച്ചതല്ല.

മി. സ്പീക്കർ : ഒരു കാര്യം കൂടി ഞാൻ പറയുകയാണ്. ചെയറിന്റെ റൂളിംഗിനെയാണ് ധിക്കരിക്കുന്നത്. അത് ചെയർ അടിവരയിട്ടു പറയുകയാണ്..... (ബഹളം)....

ശ്രീ. ജി. കാർത്തികേയൻ : ചെയറിന്റെ റൂളിംഗിനെ ധിക്കരിച്ചതല്ല.

മി. സ്പീക്കർ : നിയമസഭയിൽ അടിയന്തിരപ്രമേയവും പല പ്രമേയങ്ങളും ചെയർ ഒഴിവാക്കിയിട്ടുണ്ട്. അതൊന്നുംതന്നെ ചെയറിന്റെ റൂളിംഗിനെ ആരും വെല്ലുവിളിച്ചിട്ടില്ല, ഈ സഭയിൽ മാത്രമല്ല, മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. ചെയറിന്റെ റൂളിംഗിനെ ആരും വെല്ലുവിളിച്ചിട്ടില്ല.

ശ്രീ. ജി. കാർത്തികേയൻ : സർ, ചെയറിന്റെ, സഭാനാഥന്റെ റൂളിംഗിനെ ഒരു കാലത്തും ഞങ്ങൾ ധിക്കരിച്ചിട്ടില്ല; ഞങ്ങൾ അത് ഉദ്ദേശിച്ചിട്ടുമില്ല.

മി. സ്പീക്കർ : പിന്നെ ഇവിടെ എന്താണ് നടക്കുന്നത്?

ശ്രീ. ജി. കാർത്തികേയൻ : പ്രതിപക്ഷത്തിന്റെ അവകാശത്തെ സംരക്ഷിക്കേണ്ടത് അങ്ങ് അല്ലേ?

മി. സ്പീക്കർ : പ്രതിപക്ഷത്തിന്റെ അവകാശം ഇങ്ങനെയാണോ സംരക്ഷിക്കേണ്ടത്?

ശ്രീ. ജി. കാർത്തികേയൻ : സർ, ഇന്നലേയും ഒരു ഗുരുദേവപ്രതിമ തകർക്കപ്പെട്ടിരിക്കുന്നു. അതിനെപ്പറ്റി പറയുന്നതിനുവേണ്ടിയാണ് അടിയന്തിരപ്രമേയം കൊണ്ടുവന്നത്. കഴിഞ്ഞ ഒരു മാസക്കാലമായി കേരളത്തിലെമ്പാടും ശ്രീനാരായണഗുരു പ്രതിമകൾ തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ നിമിഷം വരെ ഏതെങ്കിലും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ? ഒരു മാസം മുമ്പ് കൊല്ലം എസ്.എൻ.ഡി.പി. ഓഫീസിനു മുന്നിൽ, ഹെഡ്കാർട്ടേഴ്സിനു മുന്നിൽ, ശ്രീനാരായണ പ്രതിമ തകർക്കപ്പെട്ടു. അത് മുതൽ ഇന്നലെ രാത്രി വരെ പ്രതിമകൾ തകർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നലെ രാത്രി തിരുവനന്തപുരത്തും ശ്രീനാരയണ പ്രതിമ തകർക്കപ്പെട്ടു. കഴിഞ്ഞ ഒരു മാസക്കാലമായി, കേരളത്തിലെ വിവിധ ജില്ലകളിൽ ശ്രീനാരായണഗുരു പ്രതിമ തകർക്കലും, എസ്.എൻ.ഡി.പി. ഓഫീസുകൾക്ക് നേരെ ആക്രമണവും നടത്തിയിട്ട് ഏതെങ്കിലും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ? അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ.....

മി. സ്പീക്കർ : ആ വിഷയം ഇവിടെ ശ്രീ. തമ്പാനൂർ രവി രണ്ടു ദിവസം മുമ്പ് അവതരിപ്പിച്ചല്ലോ?

ശ്രീ. ജി. കാർത്തികേയൻ : നടപടി എടുത്തില്ല.

മി. സ്പീക്കർ : പഴയ കാര്യം പറഞ്ഞതുകൊണ്ടാണ് ഞാനും പറഞ്ഞത്. ഇന്നലത്തെ കാര്യത്തിൽ അടിയന്തിരപ്രമേയത്തിന് പ്രസക്തിയില്ല. അത്രയേ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ഉണ്ട്. ഇന്നലത്തേതും ഉണ്ട്. ഗവൺമെന്റ് ഇത് വളരെ ലാഘവത്തോടുകൂടി കാണുകയും ഇതിനകത്ത് രാഷ്ട്രീയം കാണുന്നതിനുവേണ്ടി മാത്രം ശ്രമിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രതികളുണ്ടെങ്കിൽ ഈ ഗവൺമെന്റ് അറസ്റ്റ് ചെയ്യട്ടെ. രാഷ്ട്രീയമായ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി, സ്വന്തം പാർട്ടിയുടെ ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി തകർക്കപ്പെട്ട ശ്രീനാരായണഗുരു പ്രതിമകളുടെ കാര്യത്തിൽ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിക്കുന്നു. പ്രതിമകളെ അറസ്റ്റ് ചെയ്യുന്നില്ല. അതുകൊണ്ട് ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭയിൽ നിന്ന് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ സഭയിൽ തിരിച്ചുവരികയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തിന്റെ വികസനപ്രവർത്തനത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ

ശ്രീ. എം.വി. ജയരാജൻ : സർ, പ്രതിപക്ഷാംഗങ്ങൾ പോയത് പുറത്ത് ടി.വി-ക്കാർ കാത്തിരിക്കുന്നതുകൊണ്ടാണ്. അവരോട് നേരത്തേ പറഞ്ഞിരുന്നതാണ്. അതുകഴിഞ്ഞാൽ ഉടനെ അവർ തിരിച്ചുവരും. വാക്കൗട്ടെല്ലാം പകർത്തിക്കഴിഞ്ഞാൽ ഉടനെ തിരിച്ചുവരും. അതിനുവേണ്ടി മാത്രമുള്ള ഒരു നാടകമാണ് നടത്തിയിട്ടുള്ളത്. കേന്ദ്രം കേരളത്തോടുകാട്ടുന്ന അവഗണനമൂലം സംസ്ഥാനം നേരിടുന്ന ഗുരുതരമായ ചില പ്രത്യാഘാതങ്ങളാണ് ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. 1995-2000 വർഷങ്ങളിലെ പത്താം ധനകാര്യകമ്മിഷൻ നികുതി കൈമാറ്റം സംബന്ധിച്ച് സുപ്രധാനമായ ചില ശുപാർശകൾ 1996-ൽത്തന്നെ കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. ഭരണഘടനയുടെ 280-ാം അനുച്ഛേദം അനുസരിച്ചാണ് ധനകാര്യ കമ്മിഷൻ പ്രവർത്തിച്ചുവരുന്നത്. ഇതൊരു ഭരണഘടനാസ്ഥാപനമാണ്. The President shall, within two years from the commencement of this Constitution and thereafter at the expiration of every fifth year, or at such earlier times as the President considers necessary, by order constitute a Finance Commission..... എന്ന ഭരണഘടനയിലെ 280-ാം അനുച്ഛേദത്തിലെ വ്യക്തമായ വ്യവസ്ഥപ്രകാരമാണ് ഫിനാൻസ് കമ്മിഷൻ രൂപീകരിച്ചിട്ടുള്ളത്. ആ ധനകാര്യ കമ്മീഷൻ മൊത്തം കേന്ദ്ര നികുതിയുടെ 29 ശതമാനം സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. കുറേ വർഷങ്ങളായി തുടർന്നുവരുന്ന ഈ രീതി മാറ്റാനാണ് ധനകാര്യ കമ്മിഷൻ നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്ര ആദായനികുതിയുടേയും എക്സൈസ് തീരുവയുടേയും നിശ്ചിതവിഹിതം മാത്രമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഇതുവരെ വിതരണം ചെയ്തുപോന്നത്. ഈ രീതി മാറ്റണമെന്ന ധനകാര്യ കമ്മീഷന്റെ നിർദ്ദേശത്തെ അന്തർ സംസ്ഥാന കൗൺസിൽ 1997-ൽ തന്നെ സ്വാഗതം ചെയ്തിരുന്നു. അന്തർ സംസ്ഥാന കൗൺസിൽ ഭരണഘടനാ സ്ഥാപനമാണ്. 1996-97 മുതൽ ഈ തുക കൈമാറ്റം ആരംഭിക്കണമെന്നാണ് തീരുമാനിക്കപ്പെട്ടിരുന്നത്. എന്നാൽ 1997 മുതൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന ഒരു ഗവൺമെന്റും ഒരു ധനകാര്യവകുപ്പുമന്ത്രിയും ഈ തീരുമാനം നടപ്പാക്കാൻ കൂട്ടാക്കിയിട്ടില്ല. രണ്ട് ഭരണഘടനാ സ്ഥാപനങ്ങളേയും ഇതുവഴി കേന്ദ്രഗവൺമെന്റ് അവഹേളിച്ചിരിക്കുകയാണ്. ധനകാര്യ കമ്മിഷന്റെ ശുപാർശ നടപ്പിലാക്കാത്ത സംഭവം രാജ്യ

LIBRARY ARCHIVES Kerala Legislative Assembly